വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്.

(ബി) ഉണ്ട്.

ഗഹാൻ സമ്പ്രദായം

*18 [459] ശ്രീ. എ. സുജനപാൽ:

,, എൻ. ശക്തൻ:

,, എം. മുരളി:

,, ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽനിന്ന് വായ്പ നൽകുന്നതിന് ഗഹാൻ സമ്പ്രദായം നിലവിലുണ്ടോ; എങ്കിൽ എന്നുമുതൽ എന്ന് അറിയിക്കുമോ;

(ബി) ഗഹാൻ അടിസ്ഥാനത്തിൽ എത്ര വായ്പ നാളിതുവരെ നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(സി) വ്യാജ പട്ടയം നേടിയ വസ്തുക്കളുടെ അടിസ്ഥാനത്തിൽ ഗഹാൻ വ്യവസ്ഥകൾ അനുസരിച്ച് വായ്പ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) സംസ്ഥാനത്തെ സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ 1991 ഡിസംബർ മാസം മുതൽ ഗഹാൻ സമ്പ്രദായം നടപ്പിലാക്കിവരുന്നു. സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക ഹൗസിംഗ് സൊസൈറ്റികൾ ഇവയിൽ ഗഹാൻ സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള നിയമം നിലവിൽ വന്നിട്ടുണ്ട്. നിയമം നടപ്പിലാക്കുന്നതിനുള്ള ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) 2002-2003 വരെയുള്ള ആഡിറ്റ് ചെയ്ത കണക്കുപ്രകാരം 1282.93 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. ടി തുകയിൽ ഭൂരിഭാഗവും ഗഹാൻ സമ്പ്രദായം പ്രകാരമാണ് നൽകിയിട്ടുള്ളത്.

(സി) ഇത്തരം കേസ്സുകൾ ഒന്നും ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

ആർ. ടി. ഓഫീസുകളിൽ കമ്പ്യൂട്ടർ വൽക്കരണം

*19 [460] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ആർ. ടി. ഓഫീസുകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പൊതുജനങ്ങളെ സഹായിക്കാൻ പ്രവർത്തിക്കുന്ന ഏജന്റുമാർക്ക് സർക്കാരിന്റെ അംഗീകാരമുണ്ടോ എന്നറിയിക്കാമോ;

(ബി) ഇവരുടെ പ്രവർത്തനംമൂലം ജനങ്ങൾക്ക് അമിത സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു നിയന്ത്രിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ;

(ഡി) ഈ മേഖലയിലെ അഴിമതി നിയന്ത്രിക്കാൻ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ഏജന്റുമാർ ഓഫീസിൽ പ്രവേശിക്കുന്നതും ഓഫീസ് കാര്യങ്ങളിൽ ഇടപെടുന്നതും കർശനമായി നിരോധിച്ചിട്ടുണ്ട്. ഏജന്റുമാരെ ഓഫീസുകളിൽ കടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ആർ. ടി. ഓഫീസുകളും, ചെക്ക്പോസ്റ്റുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൈത്തറി വ്യവസായ മേഖലയിൽ പ്രശ്നങ്ങൾ

*20 [461] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ മുൻ സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ഏതെല്ലാം ശുപാർശകൾ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ ആന്റ് ബി) കൈത്തറി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ച ശ്രീ. മമ്മുമാസ്റ്റർ ചെയർമാനായുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. വികസന രംഗം, വിപണനരംഗം,

LIBRARY ARCHIVES Kerala Legislative Assembly